(ഡി) നിരോധനകാലത്ത് അന്യനാടുകളിൽ നിന്നുള്ള ട്രോളറുകൾ ഈ മേഖലയിൽ മത്സ്യബന്ധനം നടത്തുന്നത് തടയാൻ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ;

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ട്രോളിംഗ് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് അതാത് ജില്ലകളിലെ കളക്ടർമാരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും വന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ യന്ത്രവൽകൃത ബോട്ടുകളും 14.6.99 അർദ്ധരാത്രിക്കുമുമ്പ് കേരള തീരം വിട്ടുപോകാൻ നിർദ്ദേശം നൽകി. തീരത്തോടു ചേർന്നുകിടക്കുന്ന ഡീസൽ ബങ്കുകൾ അടച്ചിടാനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിരോധം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി അത്യാധുനിക സജ്ജീകരണങ്ങൾ ഉള്ള ഫിഷറീസ് വകുപ്പിന്റെ 4 പട്രോൾ ബോട്ടുകളും ഒരിടത്തരം 43.5 അടിബോട്ടും കെ.എൽ.എ. 530 എന്ന ബോട്ടുകളും വാടകയ്ക്കെടുത്ത 6 സ്വകാര്യ ബോട്ടുകളും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. നിയമം ലംഘിക്കുന്ന ബോട്ടുകളെ പിടിച്ചെടുക്കുന്നതിനും കടലിൽ പട്രോളിംഗ് നടത്തുന്നതിനും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്മാരെ ബന്ധപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ്സേനയുടെ സഹായവും ഏർപ്പാട് ചെയ്തിട്ടുണ്ട്. എല്ലാ കടലോര ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ട്രോളിംഗ് നിരോധനസമയത്ത് ആഴക്കടൽ മത്സ്യബന്ധനം നിരോധിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ്, റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ട്. എല്ലാ ബസ്സ്റ്റേഷനുകളിലും പ്രത്യേകിച്ച് നീണ്ടകര, വിഴിഞ്ഞം, കൊച്ചി എന്നിവിടങ്ങളിൽ പോലീസ് കൺട്രോൾ റൂമുകൾ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ അംഗീകരിച്ചിട്ടില്ല.

(ഡി) ഉണ്ട്.

9 (*99) സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതി

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതി മുൻവർഷത്തേക്കാൾ 1998-99-ൽ കുറയാനുള്ള കാരണങ്ങൾ എന്താണ്;

(ബി) ഉൽപ്പന്നങ്ങളുടെ ഗുണമേന്മയെകുറിച്ച് പരാതിയുണ്ടോ;

(സി) കയറ്റുമതി ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ വേണ്ട നിബന്ധനകൾ നിർബന്ധമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതി മുൻവർഷത്തേക്കാൾ 1998-99 ൽ കുറയാനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. നമ്മുടെ സമുദ്രോൽപ്പന്നങ്ങൾ ഇറക്കുമതിചെയ്യുന്ന ജപ്പാൻ ഉൾപ്പെടെയുള്ള തെക്ക് കിഴക്കനേഷ്യൻ രാജ്യങ്ങളിലുണ്ടായ സാമ്പത്തികമാന്ദ്യം.

2. ചൈനയിലേക്ക് കയറ്റുമതി ചെയ്ത സമുദ്രോൽപ്പന്നങ്ങളുടെ വില ലഭിക്കാതിരിക്കുന്ന അവസ്ഥ.

3. ചൈനീസ് മാർക്കറ്റുകളിൽ ഉണ്ടായ സമുദ്രോൽപ്പന്നങ്ങളുടെ വിലയിടിവ്.

4. കൊഞ്ച്. കണവ തുടങ്ങിയവയുടെ ഉൽപ്പാദനത്തിൽ ഉണ്ടായ കുറവ്.

5. കൊഞ്ചുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന മെക്സിക്കോ, തായ്ലന്റ്, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങളിൽ കൊഞ്ചുൽപ്പാദനത്തിൽ ഉണ്ടായ ഗണ്യമായ വർദ്ധനവുമൂലം ജാപ്പനീസ് മാർക്കറ്റിൽ കൊഞ്ചുൽപ്പന്നങ്ങൾക്കുണ്ടായ വിലയിടിവ്.

6. ചെമ്മീൻ കെട്ടുകളിലെ വിളവെടുപ്പിൽ കൊഞ്ചുൽപ്പാദനത്തിൽ ഉണ്ടായ കുറവ്.

(ബി) ഉണ്ട്.

(സി) കയറ്റുമതി ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ ഉതകുന്ന നിബന്ധനകൾ നിർബന്ധമാക്കിയിട്ടുണ്ട്.

10 (*100) എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കാൻ നടപടി

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരാമാണ്ടോടെ സംസ്ഥാനത്ത് എല്ലാവർക്കും ആവശ്യമായ അളവിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദവിവരം നൽകുമോ;

(സി) ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഈ വർഷം എന്ത് തുകയുടെ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) രണ്ടായിരാമാണ്ടോടുകൂടി സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും പരിമിതമായ തോതിലെങ്കിലും ശുദ്ധജലം ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു ബൃഹത്തായ പദ്ധതി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly